# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1494.

05-02-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷിയിലെ വർദ്ധനവ്

**ചോദ്യം**

ശ്രീ.എം. രാജഗോപാലൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയുടെ വിസ്തൃതി എത്ര ഹെക്ടർ ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18 വർഷാന്ത്യത്തോടെ അത് 220449 ഹെക്ടർ ആയി വർദ്ധിച്ചു. |
| (ബി) | മുൻ വർഷത്തേക്കാൾ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 2015-16 സാമ്പത്തിക വർഷം നിലവിലുണ്ടായിരുന്ന നെൽകൃഷി വിസ്തൃതിയേക്കാൾ 11.97 ശതമാനത്തിന്റെ വർദ്ധനവാണ് 2017-18 വർഷത്തിൽ ഉണ്ടായിട്ടുള്ളത്. |
| (സി) | കൈപ്പാട് കൃഷി, കര നെൽകൃഷി, കോൾ നിലകൃഷി എന്നിവ എത്ര വിസ്തൃതിയിലാണ് ചെയ്തുവരുന്നതെന്ന വിവരം ലഭ്യമാക്കാമോ? | (സി) | കോഴിക്കോട് ജില്ലയിൽ 3 ഹെക്ടറും, കണ്ണൂർ ജില്ലയിൽ 192.73 ഹെക്ടറും, കാസർഗോഡ് ജില്ലയിൽ 5 ഹെക്ടറും ചേർന്ന് 200.73 ഹെക്ടർ സ്ഥലത്താണ് കൈപ്പാട് കൃഷി ചെയ്തിട്ടുള്ളത്.<br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 2071.04 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി ചെയ്തിട്ടുണ്ട്.<br>മലപ്പുറം ജില്ലയിൽ 1749.5 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 12000 ഹെക്ടറും കോൾ കൃഷി ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 'ഓപ്പറേഷൻ കോൾ ഡബിൾ' എന്ന പേരിൽ 2975 ഹെക്ടർ കോൾ നിലത്ത് രണ്ടാം കൃഷി ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ